എതിർത്തിരുന്നു. തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ ഒന്നിലധികം പ്രാവശ്യം അംഗമായിരുന്ന അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസിന്റെ ആരംഭകാല പ്രവർത്തകരിൽ ഒരാളായിരുന്നു.

ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ അലങ്കരിച്ച അദ്ദേഹം സമുദായത്തിനും രാജ്യത്തിനും നൽകിയ സേവനങ്ങൾ കൃതജ്ഞതാപൂർവ്വമല്ലാതെ സ്മരിക്കാൻ കഴിയുന്നതല്ല. പുരോഗമനാശയങ്ങളും ഉൽപ്പതിഷ്ണുതവും, വാക്കിലും പ്രവൃത്തിയിലും, ജീവിതത്തിന്റെ അവസാനഘട്ടം വരെയും പുലർത്തിപ്പോരാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം വ്യക്തികളിൽ ഒരാളായിരുന്നു ശ്രീ. കേശവൻ. യാതനാ നിർഭരവും ത്യാഗസുരഭിലവും ആയിരുന്നു അദ്ദേഹത്തിന്റെ ധന്യമായ ജീവിതം. ഒരു രാജ്യസഭാംഗം എന്ന നിലയിൽ പ്രശസ്ത സേവനം നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടുണ്ടായത്. അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിന് ഒരു തീരാനഷ്ടമാണ്.

ശ്രീ. ചിദംബരനാഥനാടാർ സ്വാതന്ത്ര്യസമരത്തിലെ ഒരു മുന്നണിപ്പടയാളിയായിട്ടാണ് രാഷ്ട്രീയത്തിലേയ്ക്കു കടന്നു വന്നത്. തിരുവിതാംകൂറിലും അതിനുശേഷം തിരു–കൊച്ചിയിലും നിയമ നിർമ്മാണ സഭകളിൽ അംഗമായിരുന്ന് 1948 മുതൽ 1956 വരെ അദ്ദേഹം പ്രശസ്ത സേവനം നടത്തിയിട്ടുണ്ട്. ഒന്നിലധികം പ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള അദ്ദേഹം തിരുവിതാംകൂർ തമിഴ്നാടു കോൺഗ്രസിന്റെ സംഘാടകരിലൊരാളും ആ പാർട്ടിയുടെ നിയമസഭാ വിഭാഗത്തിന്റെ നേതാവുമായിരുന്നു. കുറച്ചുകാലം റവന്യൂ മന്ത്രിയായും അദ്ദേഹം സേവനം നടത്തിയിട്ടുണ്ട്. സംസ്ഥാന പുനഃസംഘടനയ്ക്കു ശേഷം തമിഴ് നാട് നിയമസഭാംഗമായി പ്രശസ്ത സേവനം നടത്തിവരുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ വേർപാടുണ്ടായിരിക്കുന്നത്. പ്രാപ്തനും, പരിചയസമ്പന്നനുമായ പാർലമെന്റേറിയൻ, ഉജ്ജ്വലനായ ഒരു വാഗ്മി, സാഹസികനും ധീരനുമായ ഒരു രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം സർവാദരണീയനായിരുന്നു.

ഈ മഹാത്മാക്കളുടെ വേർപാടിൽ ഈ സഭയ്ക്കുള്ള ഖേദം രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമല്ലോ. ബഹുമാനപ്പെട്ട അംഗങ്ങൾ അൽപസമയം എഴുന്നേറ്റു നിന്നു മൗനമാചരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(The House stood in silence for a few minutes as a mark of respect to the memory of the departed).

ADJOURNMENT MOTIONS

Attack on Smt. K. R. Gouri at Thykkattusery, and the attack on Shri K. Chandrasekharan, M. P. at Kalavur.

മി. സ്പീക്കർ: ഈ മാസം 17–ാം തീയതി ഉച്ചതിരിഞ്ഞ് 3 മണിയോടുകൂടി തൈക്കാട്ടുശേരി കവലയിൽവച്ച് നൂറ്റൻപതിൽപ്പരം പേർ വരുന്ന ഒരു സംഘം ആളുകൾ മാരകായുധങ്ങളുമായി, ശ്രീമതി കെ. ആർ. ഗൗരി സഞ്ചരിച്ചിരുന്ന കാർ തടഞ്ഞുനിറുത്തുകയും ശ്രീമതി ഗൗരിയേയും കാറിലുണ്ടായിരുന്ന മറ്റൊരാളെയും ദേഹോപദ്രവമേൽപ്പിക്കുകയുംചെയ്തസംഭവത്തെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനട

LIBRARY ARCHIVES Kerala Legislative Assembly

പടികയം നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ടി. കെ. കൃഷ്ണൻ, ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ എന്നിവർ റൂം 49 അനുസരിച്ചു നോട്ടീസു നൽകിയിട്ടുണ്ട്.

17–1–1970-ൽ ചേർത്തലയ്ക്കടുത്തുള്ള കലവൂർ എന്ന സ്ഥലത്തുവച്ച് ഒരുസംഘം ആളുകയം ശ്രീ. കെ. ചന്ദ്രശേഖരൻ സഞ്ചരിച്ചിരുന്ന കാർ ആക്രമിക്കുകയും കാറിനു നാശനഷ്ടങ്ങയം വരുത്തുകയും ചെയ്ത സംഭവത്തെ തുടർന്നുണ്ടായ ഗുരുതരമായ അവസ്ഥയെക്കുറിച്ചു ചർച്ചചെയ്യുന്നതിനു സഭാ നടപടികയം നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ഇ. അഹമ്മദ് റൂം 49 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതേ സംഭവത്തെക്കുറിച്ച് റൂം 61 അനുസരിച്ച് ശ്രീ. ബി. മാധവൻ നായരും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ രണ്ടു സംഭവങ്ങളും വളരെ നിർഭാഗ്യകരമായ സംഭവങ്ങളായിപ്പോയി എന്നു ഗവൺമെൻറിൻെറ പേരിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സംഭവങ്ങളുടെ ഒരു ലഘു വിവരം നിയമസഭയെ അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്. ഈ സഭയിലെ ഒരംഗമായ ശ്രീമതി കെ. ആർ. ഗൗരിയും ചേർത്തല താലൂക്കു കർഷകത്തൊഴിലാളിയൂണിയൻ സെക്രട്ടറി ശ്രീമാൻ ഭാസ്കരനും, കമ്മ്യൂണിസ്റ്റുപാർട്ടി ഓഫ് ഇൻഡ്യാ (മാർക്സിസ്റ്റ്) താലൂക്കുകമ്മിറ്റി മെംബർമാരായ ശ്രീ. പരമേശ്വരൻ, വാസുദേവപ്പണിക്കർ, മഹിളാ ഫെഡറേഷൻ പ്രവർത്തകയായ ശ്രീമതി കാന്തിമതി എന്നിവരും, 6–1–1970–ൽ ഉണ്ടായ സംഭത്തിൽ മുറിവേറ്റവരെക്കാണാൻ 17–1–1970 ഉച്ചയ്ക്കു 12 മണിക്കുപോയി. ഉച്ചയ്ക്കുശേഷം 3 മണിയോടുകൂടി അവർ തൈക്കാട്ടുശേരി ജങ്ഷനിൽ എത്തി. നൂറോളം ആളുകയം ശ്രീമതി ഗൗരിയുടെ കാർ വളഞ്ഞു. 6–1–1970–ൽ ഉണ്ടായ സംഭവത്തിൽ മുറിവേറ്റ് തൈക്കാട്ടുശേരി ആശുപത്രിയിൽ കിടക്കുന്ന മാർക്സിസ്റ്റുകാരല്ലാത്ത ആളുകളെയും ശ്രീമതി ഗൗരി കാണേണ്ടതാണെന്ന് ആളുകയം ശഠിക്കുകയുണ്ടായി. കുഴപ്പമുണ്ടാകുമെന്നു കരുതി ഡ്രൈവർ കാർ നിറുത്താതെ ഓടിച്ചുപോയി. കൂട്ടത്തിലുണ്ടായിരുന്ന ഒരാൾ കാറിൻെറ പുറകുവശത്തെ ഇടത്തെ ഡോർ വലിച്ചുതുറന്നു. ജനക്കൂട്ടത്തിലുണ്ടായിരുന്ന വേറെ ഒരാൾ വെള്ളം നിറച്ച ഒരു പെമ്പുപാത്രം കാറിനകത്തേക്ക് എറിയുകയുണ്ടായി. ഡ്രൈവർ കാർ വെട്ടിത്തിരിച്ചപ്പോൾ അത് അടുത്തുണ്ടായിരുന്ന കലുങ്കിൽ മുട്ടുകയും അതിൻെറഫലമായി മുൻപിലത്തെ ഡോർ തുറന്നുപോകുകയും മുൻപിലിരുന്ന ഭാസ്കരൻ തെറിച്ചുപോകുകയുംചെയ്തു. പുറത്തു വീണുപോയ ഭാസ്കരനെ കാറിലേക്ക് കയറ്റാതെതന്നെ കാർ ചേർത്തല ഭാഗത്തേക്കു ഓടിച്ചുപോകുകയും അവിടെ എത്തുകയും ചെയ്തു. തുടർന്ന് ശ്രീമതി ഗൗരി സബ്ഇൻസ്പെക്ടർക്ക് അപേക്ഷ കൊടുക്കുകയും നാലുമണിയോടുകൂടി സബ്ഇൻസ്പെക്ടർ സ്ഥലത്തെത്തുകയും ചെയ്തു. റോഡിൽ കിടക്കുകയായിരുന്ന ശ്രീ. ഭാസ്കരനെ തൈക്കാട്ടുശേരി ആശുപത്രിയിലേക്കു കൊണ്ടുപോകുകയും അദ്ദേഹത്തിൻെറ ശരീരത്തിലുണ്ടായിരുന്ന പരിക്കുകയ്ക്ക് വേണ്ട പ്രഥമശുശ്രൂഷകയം നൽകുകയും ചെയ്തു. ജനക്കൂട്ടം ആയുധധാരികളായിരുന്നില്ല. തൈക്കാട്ടുശേരി ആശുപത്രിയിൽനിന്ന് ഭാസ്കരനെ പിന്നീട് ചേർത്തല ആശുപത്രിയിലേക്കു മാറ്റി. 18–1–1970–ൽ ഇൻഡ്യൻ പീനൽ കോഡ് 143, 148, 323, 379, 341,429 വകുപ്പുകയം പ്രകാരം ചേർത്തല പോലീസ് സ്റ്റേഷൻ 31/70 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ''നിറുത്തെടീ കാർ'' എന്നു ജനക്കൂട്ടം വിളിച്ചുപറഞ്ഞുവെന്നും തന്നെ കാറിനു പുറത്തേക്കു വലിച്ചിട്ടതാണെന്നും ഭാസ്കരൻ മൊഴിയിൽ പറയുന്നുണ്ട്. ഭാസ്കരൻെറ വാച്ചും കണ്ണാടിയും 43 രൂപയും ജനക്കൂട്ടം

LIBRARY ARCHIVES Kerala Legislative Assembly

നീക്കം ചെയ്തുവെന്നുംപറയുന്നു. നാലുപേരെ ഭാസ്കരൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്. അക്രമികളെ അറസ്റ്റുചെയ്യാനുള്ള നടപടികളും ഗവൺമെന്റ് ഊർജ്ജിതമായി നടത്തുന്നുണ്ട്.

ഇതിന് ഒരു പ്രതികാരമെന്നനിലയിലായിരിക്കും പത്തുമുപ്പതു മാർക്സിസ്റ്റുകാർ—അതിൽ 15 പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്—ജോർജ് തരകൻ എന്നൊരാളിന്റെ കാർ തകർക്കുകയും ആ കാറിനു വലിയ നാശനഷ്ടങ്ങളും വരുത്തുകയും ചെയ്തിട്ടുണ്ട്. കാർ കത്തിക്കാൻ ശ്രമിച്ചെങ്കിലും കത്തിക്കുകയുണ്ടായില്ല. കുത്തിയതോടു പോലീസ് ഉടനെ സ്ഥലത്തുവരികയും കേസു രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രാത്രി മുപ്പതുപേരോളം, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ എം.പി.യും മൂന്ന് അഡ്വക്കേറ്റുമാരും യാത്രചെയ്യുകയായിരുന്ന കാറ് 12.10-ന് കലവൂർ (ആലപ്പുഴയിൽനിന്ന് 6 കിലോമീറ്റർ വടക്ക്) നാഷണൽ ഹൈവേയിൽവച്ചു തടഞ്ഞു. കാർ നിറുത്തിയില്ല. ആളുകളും കാറിനെ തുടരെത്തുടരെ കല്ലെറിഞ്ഞു. കാറിന്റെ വിൻഡ്സ്ക്രീൻ തകരുകയും കാറിന് നാശനഷ്ടങ്ങളും വരികയും ചെയ്തു. പെറിയ മുറിവ് ശ്രീ. ചന്ദ്രശേഖരന്റെ കൈക്ക് ഏറ്റിട്ടുണ്ട്. ഇൻഡ്യൻ പീനൽ കോഡ്. 143,148, 149, 340, 429 പ്രകാരം ആലപ്പുഴ നോർത്ത് പോലീസ്സ്റ്റേഷൻ ക്രൈം നമ്പർ 51/70 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറസ്റ്റുകളൊന്നും നടന്നിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടക്കുകയാണ്.

ഞാൻ ആദ്യം പറഞ്ഞതുപോലെ, നിർഭാഗ്യകരമായ സംഭവങ്ങളാണിത്. രാഷ്ട്രീയാഭിപ്രായവ്യത്യാസംമൂലം ആളുകൾക്ക് വഴിനടക്കാൻ വയ്യാതെയാകുന്നത് നമ്മുടെ പ്രബുദ്ധമായ സ്റ്റേറ്റിനെസംബന്ധിച്ചിടത്തോളം വളരെ ലജ്ജാവഹമായ ഒരു സംഗതിയാണ്. ഈമാതിരി പ്രവണത വളർത്താതിരിക്കാൻ എല്ലാ ഭാഗത്തുനിന്നും സഹായസഹകരണങ്ങളുണ്ടായിരിക്കണമെന്ന് ഈയവസരം ഉപയോഗിച്ച് ഞാൻ അഭ്യർത്ഥിക്കുകയാണ്. നേരത്തെ പറഞ്ഞ സംഭവത്തെ സംബന്ധിച്ചിടത്തോളം കുറവാളികളെ അറസ്റ്റുചെയ്തിട്ടുണ്ട്. അവരുടെ പേരിൽ നടപടികളും എടുക്കുന്നതാണെന്നും ഈ സംഭവങ്ങളുടെ കാര്യത്തിൽ ഒരു വീഴ്ചയും വരുത്തുന്നതല്ലെന്നും ഉറപ്പുപറയാൻ ഞാനാഗ്രഹിക്കുന്നു. ഗവൺമെന്റ് ഊർജ്ജിതമായ നടപടികളും എടുത്തുകൊണ്ട് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ആ സ്ഥിതിക്ക് ഇത് അടിയന്തിര പ്രമേയമായി ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്നു വ്യക്തമാകുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, കുറേദിവസം മുൻപ് ശ്രീമതി ഗൗരിയുടെ ആലപ്പുഴയുള്ള വീട് ആക്രമിക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. അതിന്റെ പേരിൽ യാതൊരു നടപടിയും എടുത്തിട്ടില്ല. അതു മൂലം പ്രോൽസാഹനം കിട്ടിയിട്ടാണ് കമ്മ്യൂണിസ്റ്റുപാർട്ടിയിലെയും കേരള കോൺഗ്രസ്സിലെയും ഗുണ്ടാകൾ ഇതിന് ഒരുമ്പെട്ടത്. എത്രയും ഗൗരവമായി എടുക്കേണ്ട ഈ സംഭവത്തെ അപലപിച്ചതു നന്നായി എങ്കിലും, ഇനിയും കൂടുതൽ ഗുരുതരമായ സംഭവങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് വളരെ ജാഗ്രതയോടുകൂടി വീക്ഷിക്കേണ്ടതും വളരെ ഗൗരവതരമായ നടപടികളും എടുക്കേണ്ടതും ആവശ്യമായിരിക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, തൈക്കാട്ടുശേരിസംഭവത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മുഴുവൻ ശരിയല്ല. അവിടെ നിന്നുള്ള, പോലീസുകാരും മറ്റുദ്യോഗസ്ഥൻമാരും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പറഞ്ഞത്. ജനക്കൂട്ടം കൂടിയിരുന്നത് നിവേദനം നടത്താനായിരുന്നു എന്നാണു പറഞ്ഞിരിക്കുന്നത്. നിവേദനം നടത്തുന്നതിന് കുറുവാടി, വടിവാൾ മുതലായ ആയുധങ്ങളുമായി ആരും കാത്തുനിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കാറില്ല. ചെമ്പുകലത്തിൽനിന്ന്, മുളകുകലക്കിയ വെള്ളമൊഴിച്ചു. നിവേദനം നൽകുന്നതിനുവേണ്ടി കൂടിനിൽക്കുന്ന ജനക്കൂട്ടം മുളകുകലക്കിയ വെള്ളം ഒഴിച്ചതായി ഇതുവരെ ആർക്കും അനുഭവം ഉണ്ടായിട്ടില്ല. മുളകുകലക്കിയ വെള്ളം ചെമ്പുകലത്തോടൊപ്പം കാറിനകത്തേക്ക് എറിയുകയാണുണ്ടായത്. കുറുവടികൊണ്ട് അടിച്ച്.....

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഇവിടെ ഡിസ്കസ് ചെയ്യുന്നത്, കേസിലുള്ള വാദങ്ങളെ ഖണ്ഡിക്കാനുള്ള നാനാവശങ്ങളെയും വസ്തുതകളെയും പറ്റിയാണ്. കേസ് അന്വേഷണത്തിലിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇപ്പോഴും പറഞ്ഞു. ഒരു ഭാഗത്തുള്ള വാദമുഖങ്ങളെ പ്രകടിപ്പിക്കാനും ഖണ്ഡിക്കാനും ഇപ്പോഴും അവസരം നൽകുന്നത് നിയമസഭയെസംബന്ധിച്ചിടത്തോളം ശരിയായിരിക്കുമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, സർ.....

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, സർ.....

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്:.....സർ, ഇതുമാതിരിയുള്ള ചർച്ചകളും അനുവദനീയമാണോ എന്നു പരിശോധിക്കണം. അടിയന്തിരപ്രമേയം ആലോചനയ്ക്കെടുക്കണമോ എന്നുള്ള പ്രശ്നം നമ്മുടെ മുൻപിൽ നിൽക്കുകയാണ്. അടിയന്തിരപ്രമേയം ചർച്ചയ്ക്കെടുക്കേണ്ടതില്ല എന്നു ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു. ചർച്ചയ്ക്ക് എടുക്കാനുള്ള വസ്തുതകളും എന്തെന്നു പറയുന്നതിനു വിരോധമില്ല. വസ്തുതകളിലേക്ക് ആഴത്തിൽ കടന്നുചെന്ന് സംഭവങ്ങളുടെ വാസ്തവാവാസ്തവങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നതു ശരിയാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട കുറുപ്പ് ഉന്നയിച്ചിരിക്കുന്നത് വളരെ പ്രസക്തമായ ഒരു പ്രശ്നമാണ്. അടിയന്തിരപ്രമേയം ചർച്ചയ്ക്കെടുക്കണമോ വേണ്ടയോ എന്നുള്ള തർക്കത്തെസംബന്ധിച്ചിടത്തോളം സംസാരിക്കാൻ അനുവാദംകൊടുത്തിരിക്കുകയാണ്. എന്നാൽ എന്താണ് നടന്നതെന്നുള്ളതിന്റെ വസ്തുതകളിലേക്കു പോകുകയാണെങ്കിൽ തീർച്ചയായും ഇനി നടക്കേണ്ട പോലീസിന്റെയും മറ്റും അന്വേഷണത്തിന് അതു ബാധകമായി എന്നു വന്നേക്കാം. അതുകൊണ്ട് പ്രശ്നത്തിന്റെ പ്രാധാന്യം ഇന്നതാണ് എന്നുള്ള രീതിയിൽ ചർച്ചചെയ്യണം; കാര്യം ചുരുക്കമായി പറഞ്ഞാൽമതി.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഞാൻ വസ്തുതകളിലേക്കു കടക്കുകയില്ല. ആഭ്യന്തരമന്ത്രി പറഞ്ഞപ്പോഴും, നിവേദനം നടത്താൻ വന്ന സംഘമാണ് ആക്രമണം നടത്തിയതെന്നു പറഞ്ഞു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാനങ്ങനെ പറഞ്ഞില്ല സർ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇവിടെ നടന്ന സംഭവങ്ങൾ.....

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, പറയാത്ത കാര്യം പറഞ്ഞു എന്നു വ്യാഖ്യാനം നൽകുന്നതു ശരിയാണോ?

ശ്രീ. ടി. എ. മജീദ്: ഗംഗാധരമാരാരുടെ ഓർമ്മവച്ചു പറഞ്ഞതായിരിക്കും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഞാനവിടെ പോയിരുന്നതാണ്. നേരിട്ടു കിട്ടിയിട്ടുള്ള വിവരങ്ങളിൽനിന്നു മനസ്സിലാകുന്നത്, ഗൗരിയമ്മയെ വധിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ജനക്കൂട്ടം അവിടെ കൂടിയിരുന്നതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് വളരെ ഗൗരവമായതാണ് ഈ സംഭവം എന്നുള്ളതുകൊണ്ട് ഇത് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സഖാവു ടി. കെ. കൃഷ്ണൻ ഈ കാര്യങ്ങളും മുഴുവൻ പറഞ്ഞില്ല. ആദ്യം സഖാവു ഗൗരി താമസിക്കുന്ന വീടിന്റെ നേർക്ക് ആക്രമണം നടന്നതിനുശേഷമാണ് ഇപ്പോഴത്തെ സംഭവമുണ്ടായിരിക്കുന്നത്. ഈ രാജ്യത്തെ സമുന്നതനായ ഒരു നേതാവ്—ഒരു മുൻമന്ത്രി—ഈ സംഭവംതന്നെ കളളമാണെന്നു വരത്തക്കവണ്ണം പരാമർശം നടത്തി. ചേർത്തല നിയോജകമണ്ഡലത്തിൽ.....അടുത്ത ഒരു വീട്ടിൽ.....

(ബഹളം)

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, ഇവിടെ.....

മി. സ്പീക്കർ: ആർഡർ, ആർഡർ, ആർഡർ. ശ്രീ. ബാലകൃഷ്ണനെ സംസാരിക്കാൻ ഞാൻ സമയം തന്നില്ല.

ശ്രീ. ഇ. അഹമ്മദ്: ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടക്കുന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ പാടില്ലാത്തതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുകൊണ്ട് ശ്രീ. ചന്ദ്രശേഖരനെതിരായ ആക്രമണത്തെ സംബന്ധിച്ച് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒരു കാര്യം സഭയിൽ ബോധിപ്പിക്കാനുണ്ട്. രാഷ്ട്രീയപാർട്ടികളിലെ നേതാക്കൻമാരെ പതിയിരുന്ന് ആക്രമിക്കുന്ന പ്രവണത ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടി ഇവിടെ നടത്തുകയാണെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ സ്റ്റേറ്റിലുടനീളം വളരെ ഗുരുതരമായിരിക്കുമെന്ന വസ്തുത ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നാട്ടിൽ ചില രാഷ്ട്രീയ കക്ഷികളേയും അവരിലെ നേതാക്കൻമാരേയും ആക്രമിക്കുക എന്നത് ഒരു രാഷ്ട്രീയ കക്ഷി പതിവാക്കിയിരിക്കുകയാണ്. ഇത് മുളയിലെ നുള്ളിക്കളയേണ്ട ഒരു കാര്യമാണ്. വാസ്തവത്തിൽ ശ്രീ. ചന്ദ്രശേഖരൻ രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ടാണെന്നാണ് ആളുകൾ പറയുന്നത്. പിടിയെടാ, കൊല്ലടാ എന്ന വാക്കാണ് അവിടെ കേട്ടത്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം സത്വരമായ ശ്രദ്ധ പതിപ്പിച്ച് വേണ്ടത്ര അന്വേഷണം നടത്തുകയും രാഷ്ട്രീയ പാർട്ടി നേതാക്കൻമാർക്കെതിരായ പൈശാചികമായ ആക്രമണത്തെ മുളയിലെ നുള്ളിക്കളയുകയും ചെയ്യണമെന്നാണ് എനിക്കു വിനീതമായി ബോധിപ്പിക്കാനുള്ളത്.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: ഗൗരിയമ്മയുടെ മേൽ നടന്ന കയ്യേറ്റം എന്റെ നിയോജകമണ്ഡലത്തിൽ നടന്ന സംഭവമാണ്. അതുകൊണ്ട് എനിക്ക് അതേക്കുറിച്ച് ഒരു വാക്ക് സംസാരിക്കണം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ അഭിപ്രായത്തെ ഞാൻ പൂർണ്ണമായി ആദരിക്കുകയാണ്. രണ്ടു സംഭവങ്ങളും അപലപിക്കേണ്ടതാണെന്നു അദ്ദേഹം പറഞ്ഞു. ആ കാര്യത്തിൽ അദ്ദേഹം സ്വീകരിച്ച ജനാധിപത്യ മര്യാദയുടെ നേർക്ക് നന്ദിയുണ്ട്. ഈ അവസരത്തിൽ നമ്മുടെ പ്രതിപക്ഷ നേതാവും, മുൻ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കഴിഞ്ഞ ദിവസത്തെ ചർച്ചാവേളയിൽ ഉദ്ധരിച്ച ഒരു വാചകം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ വാരിയർ അത് വസ്തുനിഷ്ഠമായി പരിശോധിച്ചാൽ കൊള്ളാമെന്ന ആഗ്രഹമുണ്ട്. ഈ സഭയിലെ മിക്ക അംഗങ്ങളും ആഭ്യന്തരമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയയുടെ നേർക്ക്, അദ്ദേഹത്തിനെ വധിക്കാൻവേണ്ടി, ആസിഡ്ബൾബ് എറിഞ്ഞതിനെ സംബന്ധിച്ച് പ്രതിഷേധം രേഖപ്പെടുത്തുകയും, ആക്ഷേപിക്കുകയും ചെയ്തിട്ട് ഇത്രയൊക്കെ കണ്ണീർപൊഴിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപിക്കാനും തയ്യാറായ ആളുകളും നിലമ്പൂർ വധത്തെ സംബന്ധിച്ച് അറിഞ്ഞിട്ട് ആക്ഷേപം രേഖപ്പെടുത്തിയില്ല, പ്രതിഷേധിച്ചില്ല, അതു കൊണ്ടാണ് സംഭവങ്ങളും ഇങ്ങനെ നടക്കുന്നതെന്നു പറഞ്ഞു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എന്നു പറഞ്ഞിട്ടില്ല. ഈ. എം. എസ്. പറയാത്തതു പറയുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ. എം. എസ്. പറയാത്ത വല്ല വാചകവും ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതു തിരുത്താൻ തയ്യാറാണ്; പിൻവലിക്കാൻ തയ്യാറാണ്. ആർക്കും ആവേശമുണ്ടാകും. പറയാത്തത് പറയാനും, പറഞ്ഞത് കള്ളമാണെന്നു പറയാനും, കള്ളത്തെ ആവർത്തിക്കാനുമുള്ള അവകാശം സഭയിലെ ചില ആളുകൾക്ക് മാത്രമേയുള്ളു എന്നു പറയുന്നതു ശരിയല്ല.

(ഈ സമയം മാർക്സിസ്റ്റുപാർട്ടിയിൽപ്പെട്ട പല മെമ്പറൻമാരും ബഹളമുണ്ടാക്കിക്കൊണ്ട് ഉച്ചത്തിൽ എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു).

മി. സ്പീക്കർ: ആർഡർ, ആർഡർ. ശ്രീ. കുറുപ്പിന് സംസാരിക്കാൻ ഞാൻ അനുവാദം കൊടുത്തതാണ്. അതനുസരിച്ച് അദ്ദേഹം സംസാരിക്കുകയാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതുപോലുള്ള സംഭവങ്ങളെ ഒരു ദൃഷ്ടിയിൽക്കൂടി കാണുകയും, അതിന്റെ നേരേ കണ്ണു ചിമ്മുകയും ചെയ്യുന്ന ഒരു നിലപാട് ആഭ്യന്തരമന്ത്രി സ്വീകരിച്ചില്ല. ആ ഒരു നിലപാട് അംഗീകരിക്കണമെന്നുള്ള ബോധം എന്തുകൊണ്ട് പ്രതിപക്ഷ നേതാവിന് ഉണ്ടായിക്കൂടാ? അതുപോലെതന്നെ ശ്രീമതി ഗൗരിയുടെ നേരെയുണ്ടായ ആക്രമണം, അത് ആക്രമണമാണെങ്കിൽ, അത്തരം പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തണമെന്ന വാദത്തോടുകൂടി ഞാനും യോജിക്കുന്നു. അതേയവസരത്തിൽ ശ്രീ. ചന്ദ്രശേഖരന്റെ നേർക്കുണ്ടായ ആക്രമണത്തെ സംബന്ധിച്ച് ഒരു വാക്ക് മിണ്ടാൻപോലും, നമ്പൂതിരിപ്പാടിന്റെ ശുദ്ധമായ വാദം പറഞ്ഞുകേട്ടതിനു ശേഷവും, ബഹുമാനപ്പെട്ട മെമ്പറൻമാർ തയ്യാറായില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതേക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഞാൻ പറയുന്നതു കേൾക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സംസാരിക്കാൻ അർഹതയില്ലാത്ത കാര്യങ്ങളും എന്തിനു സംസാരിക്കുന്നു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: എനിക്ക് സംസാരിക്കാൻ അർഹതയുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എനിക്ക് സംസാരിക്കാൻ അനുവാദം തന്നിരുന്നില്ല. അതുകൊണ്ട് ഞാൻ ഈ കാര്യം പരാമർശിച്ചില്ല എന്നു പറയുന്നത് ശരിയല്ല. എനിക്ക് ഈ കാര്യം പരാമർശിക്കാൻ അവസരമില്ലായിരുന്നു.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: രണ്ടുസംഭവത്തേയും അപലപിക്കേണ്ടതാണെന്നുള്ള വാദത്തോട് ഞാൻ യോജിക്കുകയാണ്. രണ്ടു പ്രശ്നങ്ങളും തെറ്റാണ്. ഒരു പ്രശ്നത്തിനു പരിഹാരം പ്രതികാരമാർഗ്ഗമല്ല. അതിനെ അപലപിക്കാൻ തയ്യാറാകണം. ഓരോ രാഷ്ട്രീയ കക്ഷിയും ഇത്തരം പ്രവണത അംഗീകരിക്കുന്ന പ്രവർത്തകരുടേയും ആളുകളുടേയും നേർക്ക് കർശനമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളെടുക്കാനുള്ള സന്നദ്ധത കാണിക്കണം. ആഭ്യന്തരമന്ത്രിയുടെ നേർക്കുണ്ടായ വധശ്രമം ആസിഡ് ബൾബുപയോഗിച്ച് നടന്നതാണ്. ആ സംഭവം നടന്നതിനുശേഷമെങ്കിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

(ഈ സമയം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പല മെമ്പറൻമാരും ബഹളമുണ്ടാക്കിക്കൊണ്ട് പ്രസംഗിക്കാൻ തുടങ്ങിയിട്ട് എത്ര സമയമായി എന്നും മറ്റും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. സഭയിൽ ആകെ ബഹളമായി. എന്തോയൊക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഞാൻ അനുവാദം കൊടുത്തതനുസരിച്ചാണ് സംസാരിക്കുന്നത്.

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ: ശ്രീ. പി. രാമുണ്ണിക്കുറുപ്പിനെ ഇങ്ങനെ സംസാരിക്കാൻ അനുവദിക്കുന്നതു ശരിയല്ല. എന്തു ഏഭ്യത്തരവും വിളിച്ചു പറയാൻ അനുവദിക്കുകയില്ല. ഈ. എം. എസ്സിന്റെ പ്രസംഗത്തിലെ നല്ല കാര്യങ്ങൾ സ്വീകരിക്കാതെ ആ പ്രസംഗത്തിനുവേണ്ടി കുറേ സമയം ചെലവാക്കുന്നത് ശരിയല്ല.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഞാൻ ഈ. എം. എസ്സിന്റെ അനുയായിയല്ല, അനുയായിയാകാൻ ആശിക്കുന്നുമില്ല.

(ഈ സമയം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പല മെമ്പറൻമാരും ഉച്ചത്തിൽ ഞങ്ങൾ അതിന് സമ്മതിക്കുകയില്ല എന്നും മറ്റും വിളിച്ചു പറഞ്ഞു ബഹളമുണ്ടാക്കി)

മി. സ്പീക്കർ: ആർഡർ, ആർഡർ. ഈ അടിയന്തിര പ്രമേയത്തിനു ബഹുമാനപ്പെട്ട ശ്രീ. വാരിയരും, ബഹുമാനപ്പെട്ട കൃഷ്ണനും, ബഹുമാനപ്പെട്ട അഹമ്മദും എന്റെ കയ്യിൽ നോട്ടീസ് തന്നപ്പോൾ ഞാൻ അവരോട് പറഞ്ഞു, സഭയിൽ ഉന്നയിക്കുന്നത് ശരിയല്ലെന്ന്. ഇതു സഭയിൽ ഉന്നയിക്കുന്നത് ശരിയാണോ എന്നുള്ള സംശയം ഞാൻ അപ്പോഴത്തന്നെ ഉന്നയിച്ചതാണ്. കാരണം എന്താണെന്നു ചോദിച്ചാൽ നാട്ടിൽ നടക്കുന്നതായ പല കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അടിയന്തിരപ്രമേയങ്ങൾ വരുന്നുണ്ട്, ഇന്നുതന്നെ അദ്ധ്യാപകരുടെ ജാഥയെ സംബന്ധിച്ച് അടിയന്തിരപ്രമേയം വന്നിട്ടുണ്ട്, അങ്ങനെയുള്ള കാര്യങ്ങൾ ഉന്നയിക്കാമെന്നല്ലാതെ ഈ മാതിരിയുള്ള കാര്യങ്ങൾ ഉന്നയിക്കുന്നതു ശരിയല്ല. ശ്രീമതി ഗൗരിയും, ശ്രീ. ചന്ദ്രശേഖരനും, അതുപോലെതന്നെ ശ്രീ. മുഹമ്മദ്കോയയും മറ്റും ഈ രാജ്യത്തിലെ സമുന്നതരായ വ്യക്തികളാണ്. അവരുടെ പുറകിൽ രാഷ്ട്രീയ പാർട്ടികളുണ്ട്, വളരെയധികം ബഹുജനങ്ങളുമുണ്ട്. ഈ സംഭവങ്ങൾ നിയമസഭയിൽ കൊണ്ടുവന്നിട്ട് ഇവരുടെമേൽ ഇങ്ങനെയൊക്കെ നടന്നു എന്നു സഭയിൽത്തന്നെ പറഞ്ഞാൽ, അവരെ പിൻതുടരുന്ന പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെയുണ്ട്. വികാരങ്ങൾ ഇവിടെ അഴിച്ചുവിട്ടാൽ ഈ വികാരങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നതിനേക്കാൾ 100 ഇരട്ടി പ്രത്യാഘാതത്തോടുകൂടി ജനങ്ങളുടെയിടയിൽ പകരും, അത് ഉണ്ടായാൽ നാം ഉദ്ദേശിക്കുന്ന രീതിയിലൊന്നും അവസാനിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ ഇവിടെ ഉന്നയിക്കേണ്ടെന്നു പറഞ്ഞത്. ഈ സഭയിലെ ഒരു പാർട്ടിയുടെ ഉപനേതാവാണ് ഒരാൾ, ഒരു രാഷ്ട്രീയപാർട്ടിയുടെ ചെയർമാനാണ് മറെറാരാൾ, ഈ ആളുകളെ സംബന്ധിച്ച് ഉപദ്രവിച്ചു എന്നുള്ള പ്രമേയം കൊണ്ടുവന്നപ്പോൾ അത് അഡ്മിറ്റ് ചെയ്തില്ല എന്നുള്ള ദുഷ്പേരിന് കാരണക്കാരനാകരുതെന്നു ഭയന്നാണ് വാസ്തവത്തിൽ ഞാൻ ഇതു എടുക്കാൻ അനുവാദം നൽകിയത്. ഒരു കാര്യം ഞാൻ എന്റെ സുഹൃത്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കളോട് പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തെ പൊതുജീവിതം സമാധാനപരമായി, കുഴപ്പമില്ലാതെ മുന്നോട്ടു കൊണ്ടുപോകണമെന്നുള്ള അഭിപ്രായക്കാരാണ് നാമെല്ലാവരും. ആ ആഗ്രഹം സഫലീകരിക്കണമെങ്കിൽ, ഓരോ പാർട്ടിക്കാരും ഇത് ആവർത്തിക്കുകയില്ലെന്ന് ഇവിടെ പറഞ്ഞു, വേദനാജനകമായ ഈ അനുഭവത്തെ സംബന്ധിച്ച് സഭയിൽ അവതരിപ്പിച്ചാൽ അതു തടയുന്നതിന് സഹായകമാകുമോ എന്നു എനിക്ക് വളരെയേറെ സംശയമുണ്ട്. ഒരു അടിയന്തിര പ്രമേയം എന്നുള്ള നിലയിൽ അത് കുറേമണിക്കൂർ നേരം ചർച്ച ചെയ്താൽത്തന്നെ വേദനയുള്ളതായ ഒരു വിഭാഗം അപ്പുറത്ത് വേദനയോടുകൂടികാര്യങ്ങൾ പറയുകയും അത് പുറത്തുവരുകയും, അപ്പുറത്തുള്ളവരും വേദനയോടുകൂടി ആ നിലയിൽ അതേപ്പറ്റി സംസാരിക്കുകയും ചെയ്താൽ അതൊക്കെ എത്രത്തോളം നാം ആഗ്രഹിക്കുന്ന സമാധാനം കൈവരുത്തുന്നതിനു പര്യാപ്തമാകും എന്നുള്ളതിനെപ്പറ്റി ശാന്തമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ ചിന്തിക്കണം. ഒന്നോ രണ്ടോ ദിവസം സഭ ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതുകൊണ്ട്, രാഷ്ട്രീയ വൈരാഗ്യംകൊണ്ടും വ്യക്തി വിദ്വേഷപരമായ പ്രവർത്തനംകൊണ്ടും ശ്രീ. മുഹമ്മദ്കോയയുടേയും, ശ്രീമതിഗൗരിയുടേയും, ശ്രീ. ചന്ദ്രശേഖരന്റേയും ജീവനു നേരെതന്നെ ചോദ്യചിഹ്നം വന്നിരിക്കുന്ന സാഹചര്യത്തിൽ ഇനി അത് വരാതിരിക്കത്തക്കവണ്ണം അവസാനിപ്പിക്കുന്നതിന് ഒരു ചർച്ച നടത്തുന്നതുകൊണ്ട്, സഹായകമാകുമെന്നു ബഹുമാനപ്പെട്ട സഭാനേതാക്കൻമാർക്കും സഭാംഗങ്ങൾക്കും തോന്നുന്നുവെന്നുവരികിൽ എനിക്ക് അതിൽ യാതൊരു വിരോധവുമില്ല. രണ്ടോ നാലോ പത്തോ ദിവസം ചർച്ച ചെയ്യാം. അതിനെ സംബന്ധിച്ചിടത്തോളം എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്, ഇനി ആരും കൂടുതലൊന്നും സംസാരിക്കേണ്ട എന്നാണ്. ഇനി ആരും അതേക്കുറിച്ച് സംസാരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് വിനീതമായി സഭയുടെ മുൻപാകെ വയ്ക്കാനുള്ള അഭിപ്രായം.

ശ്രീ. എൻ. പി. പ്രഭാകരതണ്ടാർ: എന്റെ നിയോജക മണ്ഡലത്തിൽ നടന്ന സംഭവമായതുകൊണ്ട് രണ്ടുവാക്ക് സംസാരിക്കാൻ എന്നെ അനുവദിക്കണം.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭയിലെ ഒരംഗമായ ബഹുമാനപ്പെട്ട ശ്രീമതി കെ. ആർ. ഗൗരിയുടെ നേരേയും രാജ്യസഭാംഗമായ ശ്രീ. കെ. ചന്ദ്രശേഖരന്റെ നേരേയും ചേർത്തലയിൽ വച്ചുണ്ടായ കയ്യേറ്റങ്ങളെപ്പറ്റി ഗവൺമെന്റ് ഭാഗത്തു നിന്നുള്ള പ്രതികരണവും, ഗവൺമെന്റിനു അക്കാര്യത്തിലുള്ള വേദവും ഏതാണ്ട് ആഭ്യന്തരമന്ത്രി രേഖപ്പെടുത്തിക്കഴിഞ്ഞു. സർ, ഈ പ്രശ്നത്തിലേക്ക് നാം കടക്കുന്ന അവസരത്തിൽ ഈ കയ്യേറ്റങ്ങൾ ഈ സമീപകാലത്തുണ്ടായ സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്താതെ ഒറ്റപ്പെട്ട സംഭവങ്ങളായി കണ്ടതുകൊണ്ടു കാര്യമില്ല.

സർ, ഏതാനും ആഴ്ചകളായി ഈ രാജ്യത്ത് രാഷ്ട്രീയരംഗത്ത് ഉണ്ടായിട്ടുള്ള ചില പ്രത്യേക പ്രതിഭാസങ്ങളാണ് ഈ വഴിക്കുള്ള കയ്യേറ്റങ്ങൾക്കും അക്രമങ്ങൾക്കും പ്രോത്സാഹനം നൽകിയതെന്നുള്ളത് ഏറക്കുറെ ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തെത്തുടർന്നുള്ള ചർച്ചയിൽ വളരെ വ്യക്തമായിക്കഴിഞ്ഞു. സർ, ഈ പ്രശ്നത്തെ സമീപിക്കുന്ന അവസരത്തിൽ അതിൽ രാഷ്ട്രീയ വശമുണ്ട്, അതിൽ ക്രിമിനൽ സ്വഭാവത്തിലുള്ള വശമുണ്ട്. രാഷ്ട്രീയ വശങ്ങളെപ്പറ്റി വളരെ വിശദമായിത്തന്നെ മൂന്നുദിവസത്തെ ചർച്ചകൾ ഇവിടെ നടന്നുകഴിഞ്ഞു. ഇന്നും ഏറക്കുറെ ആ വികാരങ്ങൾ കുറെയെങ്കിലും പ്രകടിപ്പിക്കുന്നതിനുള്ള ഒരവസരം അങ്ങ് ഈ ഘട്ടത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. സഭ ഈവക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഈവക കാര്യങ്ങൾക്കുവേണ്ടി നടത്തുന്ന പ്രതിഷേധയോഗങ്ങളായി ഈ സഭയിൽ ഈ യോഗങ്ങളിലെ പ്രസംഗങ്ങളായി ഈ സഭയുടെ ചർച്ചകൾ പോകാതിരിക്കു

ന്നതിന് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് എനിക്കു സഭാനേതാവെന്നുള്ള നിലയിൽ അങ്ങയോട് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. സർ, ഇതിന്റെ രാഷ്ട്രീയ പ്രശ്നത്തെപ്പറ്റി വളരെയധികം ചർച്ച ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഈ സംഭവഗതികളിൽ അടങ്ങിയിരിക്കുന്ന കുറ്റ സംഭവങ്ങളെപ്പറ്റി പോലീസിനു സ്വാഭാവികമായി അന്വേഷണത്തിനുള്ള അവസരം നൽകുന്നത് ഏറ്റവും നല്ലതെന്നാണ് എനിക്കു പറയുവാനുള്ളത്. ഇക്കാര്യത്തിൽ നിഷ്കൃഷ്ടവും നിഷ്പക്ഷവുമായ അന്വേഷണത്തിനു പോലീസിനു വിഘാതമായി നിൽക്കുന്ന രീതിയിൽ അല്ലെങ്കിൽ ഇന്നവഴിക്ക് അന്വേഷണം പോകണമെന്നും ഇന്നയിന്നതാണ് സംഭവങ്ങൾ എന്നോ ഇന്ന ആളാണ് ഗൂഢാലോചന നടത്തിയതെന്നുള്ള ചർച്ചകൾ കഴിയുന്നിടത്തോളം ഒഴിവാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഈ കാര്യത്തിൽ വ്യക്തമായും ഈ സംഭവങ്ങളെപ്പറ്റിയുള്ള വ്യസനം രേഖപ്പെടുത്തുകയും ഈ സംഭവങ്ങളെ ഒഴിവാക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികളുടേയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഈ പ്രമേയം തുടർന്ന് ഒരു ചർച്ചയ്ക്ക് അങ്ങ് അനുവദിക്കേണ്ട എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: സർ, എന്റെ മണ്ഡലത്തിൽ നടന്ന സംഭവമായതുകൊണ്ട് എനിക്ക് ഇതെപ്പറ്റി പറയാൻ ഒരു അവസരം തരണം.

ശ്രീ. കെ. കരുണാകരൻ: ഇത്തരം സംഭവങ്ങൾ തുടരുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സമാധാനപരമായ ജീവിതത്തിന് ആപത്തുണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് സഭാ നേതാവ് പറഞ്ഞതുപോലെതന്നെ ഇതിന്റെ രാഷ്ട്രീയ പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം രാഷ്ട്രീയമായിട്ടുതന്നെ ചർച്ചചെയ്ത് ഒരു പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സഭാതലത്തിൽവച്ചു സാധിക്കുകയില്ല, സഭയ്ക്കു പുറത്ത് വച്ച് ഗവൺമെന്റുതന്നെ നേതൃത്വമെടുത്ത് എല്ലാ രാഷ്ട്രീയ നേതാക്കൻമാരുടേയും പ്രതിനിധികളെ വിളിച്ചുവരുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. അതേയവസരത്തിൽ ഒരു കാര്യം കൂടി പറയുവാനുണ്ട്. ഇത്തരം കാര്യങ്ങൾ സംഭവിച്ചതിനുശേഷം അന്വേഷിക്കുക എന്നുള്ള നില മാറ്റി സംഭവിക്കാതിരിക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരു പക്ഷേ എത്ര ശ്രമിച്ചാലും ചിലതു സംഭവിച്ചു എന്നുവന്നാൽത്തന്നെ ഇത് സംഭവിക്കാതിരിക്കാൻ ശ്രമിക്കണം. അങ്ങനെവരുമ്പോൾ ഏതെങ്കിലും ഒരു സംഭവം ഉണ്ടായാൽ മറ്റു രാഷ്ട്രീയ പാർട്ടികളിലെ സമ്മേളനങ്ങളിലോ പ്രവർത്തനം നടക്കുന്ന ഘട്ടത്തിലോ ഒരു കരുതൽ എന്ന നിലയിൽ നടപടി എടുക്കണമെന്ന് ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ഈ ഭാഗത്തിരുന്നുകൊണ്ട് അദ്ദേഹത്തോടു ഞാൻ പറഞ്ഞിരുന്നു. അന്ന് അങ്ങും അങ്ങയുടെ പാർട്ടിയും അധികാരം വച്ചുകൊണ്ട് ആപത്തു വിതച്ചത് ഒരു കാലത്ത് കൊടുങ്കാറ്റായി നേരിടേണ്ടിവരുമെന്നു ഞങ്ങൾ പറഞ്ഞു. മാർക്സിസ്റ്റ് പാർട്ടി വിതച്ചു വിത്തു കൊയ്യുകയാണെങ്കിൽപ്പോലും കേരളത്തിൽ ഇത്തരത്തിൽ വരാതിരിക്കുന്നതിനു കരുതൽ നടപടികൾ സ്വീകരിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രാഷ്ട്രീയമായ ചർച്ചയ്ക്കുള്ള വേദിയാക്കി മാറ്റണമെന്നുള്ള ഉദ്ദേശമല്ല ഞങ്ങൾക്കുള്ളത്. രാഷ്ട്രീയ പ്രശ്നങ്ങൾ രാഷ്ട്രീയമായിത്തന്നെ കൈകാര്യം ചെയ്യണമെന്നുള്ള സഭാനേതാവിന്റെ അഭിപ്രായത്തോടു ഞങ്ങളും യോജിക്കുന്നു. പക്ഷേ ഇത് പ്രശ്നം രാഷ്ട്രീയം മാത്രമല്ല. ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ വളരെയധികം ആക്രമണം നടന്നിട്ടുള്ള ഒരു പ്രദേശം സന്ദർശിക്കാൻ പോയി. ആ മെമ്പർക്കെതിരായി ഇതിനു മുൻപ് ആക്രമണം നടന്ന കാര്യം ഈ സഭയിൽത്തന്നെ ഉന്നയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അന്നു വേണ്ടതുപോലെ നടപടികൈം എടുത്തിട്ടില്ലെന്നു മാത്രമല്ല ഈ കേസിന്റെ പേരിൽ അറസ്റ്റ് ചെയ്ത ചില ആളുകളെ വിടുവിക്കകൂടി ചെയ്തിട്ടുണ്ട്; ഭരണകക്ഷിയിൽപ്പെട്ട ഉത്തരവാദപ്പെട്ട ചില ആളുകൈം ഇടപെട്ട്. അങ്ങനെ ഒരു മെമ്പർ ഈ സ്ഥലം സന്ദർശിച്ച സമയത്ത് 100-ൽ പരം ആളുകൈം സമീപത്തു പോലീസ് ക്യാമ്പ് ഉണ്ടായിട്ടുപോലും എത്താൻ സാധിച്ചിട്ടില്ല. മാരകായുധങ്ങളുമായി ശ്രീമാൻ കുറുപ്പ് പറഞ്ഞതുപോലെ നിരുപദ്രവമായ ജലമല്ല നല്ല മുളകുപൊടിയിട്ടു തിളപ്പിച്ച വെള്ളം നിരുപദ്രവമാണെന്നു പറയാൻ നിവൃത്തിയില്ല, ആ വെള്ളം ഒഴിച്ചശേഷം കണ്ണുകാണാതാക്കിയതിനു ശേഷം ആക്രമണം നടത്തുക, അതിനുവേണ്ടിയാണ് മാരകായുധങ്ങൈം. അല്ലാതെ മുളകുവെള്ളം മാരകായുധമെന്നു പറഞ്ഞില്ല. കരിതിക്കൂട്ടി ആസ്ഥലത്തേക്ക് പോയിട്ടുണ്ടെന്ന് പറഞ്ഞാൽ ....

ശ്രീ. ഇ. ജോൺ ജേക്കബ്: വാരിക്കുന്തം മാരകായുധമല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വാരിക്കുന്തവും ചിലപ്പോൈം കാണും. അങ്ങനെ മടങ്ങിവരുന്ന സമയത്ത് വഴിക്കു കാത്തുനിന്നു തല്ലണമെന്നുള്ള ഉദ്ദേശത്തോടുകൂടി കരുതിക്കൂട്ടി ചെയ്തിട്ടുള്ള ഒരാക്രമണമാണ് നടന്നിട്ടുള്ളത്. ഒരു സംഘട്ടനം നിലനിൽക്കുന്ന സ്ഥലത്തേക്ക് ശ്രീമതി ഗൗരിയും മറ്റും പോയി എന്ന് അറിഞ്ഞഉടനെ, പോലീസിന് അതിന്റെ വിവരമെല്ലാമുണ്ട്, ആവശ്യമായ സംരക്ഷണ നടപടികൈം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ശ്രീമാൻ ചന്ദ്രശേഖരന്റെ പേരിലുണ്ടായ ആ കാര്യത്തിൽ ഖേദിക്കുന്നവരാണ് ഞങ്ങൈം. ഞങ്ങളുടെ ഭാഗത്തുനിന്ന് അതിനെസംബന്ധിച്ച് പറഞ്ഞില്ലെന്ന് ശ്രീ. കുറുപ്പ് പരാതി പറഞ്ഞു. അടിയന്തിരപ്രമേയം അവതരിപ്പിച്ച ആളിന് പ്രസക്ത വിഷയത്തെക്കുറിച്ച് സംസാരിക്കാൻ മാത്രമേ നിയമസഭാചട്ടങ്ങൈം അനുവദിക്കുകയുള്ളു. ഈ നിലയ്ക്ക് ശ്രീമതി ഗൗരിയുടെ പേരിലുണ്ടായിട്ടുള്ള ആക്രമണത്തിന്റെ കാര്യത്തിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ച ശ്രീ. സി. ബി. സി. ആ കാര്യം പറഞ്ഞു. ശ്രീ. അഹമ്മദ് പറഞ്ഞതിനോടു യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാതിരുന്നത് അഭിപ്രായപ്രകടനം വേണ്ടെന്നു വച്ചിട്ടില്ല. പക്ഷേ ശ്രീമതി ഗൗരിയുടെ നേർക്കുണ്ടായിട്ടുള്ള ആക്രമണവും ശ്രീമാൻ ചന്ദ്രശേഖരന്റെ നേർക്കുണ്ടായിട്ടുള്ള ഈ നടപടിയും ഒരുപോലെ കാണുന്നതു ശരിയാണോ സർ. ഒന്ന് കരുതിക്കൂട്ടി സംഘർഷം നിലനിൽക്കുന്ന പരിത:സ്ഥിതിയിൽ അവിടേയ്ക്കുപോയിട്ടുണ്ടെന്നു മനസ്സിലാക്കി 100 പേർ മാരകായുധങ്ങളുലായി കാത്തുനിന്ന് ആക്രമിക്കുക. ഒന്നു രാത്രി കടന്നു പോയിട്ടുള്ള കാര് ചന്ദ്രശേഖരന്റെതാണെന്നുകരുതി ആക്രമണം നടത്തി എന്നുള്ളതിന്റെ യാതൊരു സൂചനയുമില്ല. ഒരു പത്രറിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെ നടന്നിട്ടുള്ള ഈ സംഗതിയിൽ നിർവ്യാജ്യം ഖേദിക്കുന്നവരാണ് ഞങ്ങൈം. ഇത്തരത്തിലുള്ള നടപടികളൊന്നും രാഷ്ട്രീയ നേതാക്കൻമാർക്കെതിരായി ഉണ്ടാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. രണ്ടും ഒരുപോലെ കണ്ടുകൊണ്ട് ലളിതമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രവണതയാണ് നിർഭാഗ്യവശാൽ ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടായത്. അതിനെ സാധൂകരിക്കത്തക്ക, ന്യായീകരിക്കത്തക്ക പ്രസംഗമാണ് ശ്രീമാൻ കുറുപ്പിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇതു വളരെയധികം ആക്ഷേപാർഹമായിപ്പോയി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സഭ അനുവദിക്കുകയാണെങ്കിൽ ഒരു ചർച്ച അനുവദിക്കാമെന്നു പറയുകയുണ്ടായി. സർ, ഈ പ്രവണത അവസാനിപ്പിക്കുന്നതിനു വേണ്ടിത്തന്നെ ഒരു ചർച്ച ഇക്കാര്യത്തിൽ അനുവദിക്കേണ്ടതാണെന്നാണ് എന്റെ പാർട്ടിയുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി : സർ, എനക്കു இந்த சபையில் சில அபிப்பிராயங்கள் கூறவேண்டுமென்று ஆசைப்படுகிறேன். மேலும் பல மெம்பர்கள் இதைப்பற்றி விரிவாக எடுத்துக்கூறினார்கள். அதனால் நான் கூடுதல் கூற ஆசைப்படவில்லை. கிடைத்த நேரத்தில் சுருங்கச் சொல்லி விளங்க வைக்கிறேன். அதாவது எனது அபிப்பிராயம் என்னவென்றால் சபையில் அடியந்திரப்பிரமேயத்திற்கு அவசியமில்லை என்பது தான். நாம் காந്തிய கொள்கைப்படி எடுத்துக்கொள்வது அவசியம். அதை ஒருபோதும் மறக்கக்கூடாது. அந்த அடிப்படையில் தான் செல்ல வேண்டும். அடுத்தபடியாக நான் சொல்வதென்னவென்றால் அரைமணிக்கூரோ அல்லது ஒரு மணிக்கூரோ டிஸ்கஷன்க்கு விடுவது தான் நல்லது. அப்படி செய்யவேண്ടുമെന്നു സ്പീക്കർ അവർകളെ കേട്ടുക്കൊൾകിറേൻ.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: എന്റെ നിയോജകമണ്ഡലത്തിൽ നടന്ന സംഭവമായതുകൊണ്ട്.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. തണ്ടാരുടെ നിയോജക മണ്ഡലത്തിൽ നടന്ന സംഗതികളാണെന്നുള്ളതു ശരിയാണ്. ഇതിപ്പോഴം ചേർത്തല നിയോജകമണ്ഡലത്തിൽ നടന്ന സംഗതിയായിട്ടല്ല ഞങ്ങളം എടുത്തിരിക്കുന്നത്. അതുകൊണ്ട് ഈ സംഗതിയെ സംബന്ധിച്ചിടത്തോളം സഭയുടെ എല്ലാ ഭാഗത്തിനിന്നുമുള്ള അഭിപ്രായങ്ങളം കേട്ടതിൽ ഒരു വസ്തുത എല്ലാവരും അംഗീകരിച്ചിരിക്കുന്നു എന്നറിയാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. അതായത് ഈ നാട്ടിൽ ഈമാതിരി വ്യക്തിവിദ്വേഷപരമായും രാഷ്ട്രീയ വിദ്വേഷപരമായും ഉള്ള ഈ മാതിരി പ്രവണതകളം അവസാനിപ്പിക്കേണ്ടതാണ് എന്നത്.

ശ്രീ. എൻ. പ്രഭാകരതണ്ടാർ: സർ, എന്റെ നിയോജകമണ്ഡല.....

മി. സ്പീക്കർ: ഞാൻ ഇവിടെ എഴുനേറ്റുനിന്നു സംസാരിച്ചുകൊണ്ട് നിൽക്കുമ്പോളംത്തന്നെ ഇങ്ങനെ എഴുനേറ്റു സംസാരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ശ്രീ. തണ്ടാർ ഈ രണ്ടുമൂന്നുകൊല്ലത്തെ സഭാ ജീവിതത്തിൽ സ്പീക്കർ എഴുനേറ്റു നിൽക്കുമ്പോളം ഇങ്ങനെ എഴുനേറ്റ് നിന്നു പറഞ്ഞിട്ടില്ല. ഇപ്പോളം പറഞ്ഞതു നിയോജക മണ്ഡലത്തിലുണ്ടായ സംഭവങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഏതായാലും ദയവായി ഇരിക്കണം.

അതുകൊണ്ട് ഇത് അപലപനീയമാണെന്നും ഈ പ്രവണത അവസാനിപ്പിക്കണമെന്നുമുള്ള കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. ഏതു നിലയിൽ വേണമെന്നുള്ളതിനെ സംബന്ധിച്ച് പാർട്ടിനേതാക്കൻമാരും കക്ഷികളും കാര്യമായി ആലോചിക്കേണ്ട വസ്തുതയാണ്. ഒരു അടിന്തയിര പ്രമേയമെന്നുള്ള നിലയിൽ ഈ സംഗതികളെ സംബന്ധിച്ച് ചർച്ച നടത്തിയാൽ അത് ഈ ഉദ്ദേശത്തിന് എത്രത്തോളം സഫലമാകുമെന്നുള്ളതിനെപ്പറ്റി എനിക്ക് വളരെയേറെ സംശയമുണ്ട്. അതുകൊണ്ട് മറേറതെങ്കിലും രീതിയിൽ ചർച്ച വേണമോ വേണ്ടയോ എന്നുള്ളത് സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു പാർട്ടി നേതാക്കൻമാരും കൂടിയാലോചിച്ച് സഭാനേതാവുതന്നെ ഇതേപ്പറ്റി വേണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ബാക്കിയുള്ളവരുമായി ആലോചിച്ച് തീരുമാനിച്ചു പറയുകയാണെങ്കിൽ അതിനു എത്ര സമയം വേണമെങ്കിലും അനുവദിക്കാൻ എനിക്കു സന്തോഷമേ ഉണ്ടാവുകയുള്ളു. എന്നു സഭയെ അറിയിച്ചുകൊണ്ട് ഇതൊരു അടിയന്തിര പ്രമേയമെന്നുള്ള നിലയിൽ ഇത് ഉന്നയിക്കാനുള്ള അനുമതി ഞാൻ നൽകുന്നില്ല.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: അവിടെ സി. ആർ. പി.യെ കൊടുത്തിട്ടുള്ളതുകൊണ്ടാണ് ഗുണ്ടകൾ കയറി തല്ലുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സ്പീക്കർ എഴുനേറ്റു നിൽക്കുമ്പോൾ മെമ്പർമാർക്ക് സംസാരിക്കാൻ പാടില്ല. സ്പീക്കർ എഴുന്നേറ്റ് നിൽക്കുമ്പോൾ റണ്ണിംഗ് കമൻറ്റി നടത്തുന്നതു ശരിയാണോ, ആർഡറിലാണോ?

മി. സ്പീക്കർ: അതു ഞാൻ പറഞ്ഞുകഴിഞ്ഞ കാര്യമാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സി. ആർ. പി. ക്യാമ്പു ചെയ്യുന്ന ഒരു സ്ഥലത്ത്, പ്രത്യേകിച്ച് സംഘർഷം നിലവിലിരുന്ന ഒരു സ്ഥലത്തു വച്ചാണ് ശ്രീമതി ഗൗരിഅമ്മയുടെ നേരേ ആക്രമണം ഉണ്ടായത്. അതേപ്പറ്റി ചർച്ചചെയ്യുന്നത് ആവശ്യമില്ലെന്ന നിലപാടാണ് ഗവൺമെൻറ് എടുത്തത്. ഗവൺമെൻറിൻെറ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എൻെറ പാർട്ടിയും ഈ സഭയിൽ നിന്നു കുറേ നേരത്തേക്ക് വാക്കൗട്ട് നടത്തുകയാണ്.

The Hon. Member followed by the other members of this party then walked out of the House.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: എനിക്ക് അങ്ങയോടും പാർട്ടി നേതാക്കൻമാരോടും ഒരു അഭ്യർത്ഥനയുണ്ട്. നമ്മുടെ രാജ്യത്ത് മന്ത്രിമാർക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും രാഷ്ട്രീയ നേതാക്കൻമാർക്കും സുരക്ഷിതമായി നടക്കുന്നതിനുള്ള സാഹചര്യം ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇത് ഏതെങ്കിലും നിലയിൽ അവസാനിപ്പിക്കേണ്ടതു ആവശ്യമാണ്. ഇല്ലെങ്കിൽ എല്ലാവർക്കും ഇറങ്ങി നടക്കാൻ വയ്യാത്ത സാഹചര്യം ഉണ്ടാകും ശ്രീമതി ഗൗരിയമ്മയുടെ വീടാക്രമിച്ച അവസരത്തിൽ അതിൻെറ പേരിൽ ആവശ്യമായ നടപടികളും എടുത്തിരുന്നെങ്കിൽ ഈ സംഭവം ഉണ്ടാവുകയില്ലായിരുന്നു. അതു കൊണ്ട് ഗവൺമെൻറിൻെറ കുറ്റകരമായ അനാസ്ഥയാണ് ഇതിനു കാരണം. നമ്മുടെ ക്രമസമാധാന ഡിപ്പാർട്ടുമെൻറിനു വേണമെങ്കിൽ ഇതുപോലുള്ള ആക്രമണങ്ങളും ഒഴിവാക്കാമായിരുന്നു. ഗവൺമെൻറ് കാണിച്ച ഈ ഉദാസീനതാ മനോഭാവത്തിൽ പ്രതിഷേധിച്ചു ഞാനും വാക്കൗട്ട് നടത്തുകയാണ്.

The Hon. member Shri P. N. Chandrasenan then walked out of the House.

ശ്രീ. ബി. മാധവൻ നായർ: സർ, ഞാൻ റൂൾ 61 അനുസരിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതിത്തന്നതാണ്. പക്ഷേ ആ പ്രശ്നങ്ങളെ പരാമർശിച്ചുകൊണ്ട് എൻെറ പാർട്ടിയുടെ നേതാവും സഭയിലെ മറ്റംഗങ്ങളും സംസാരിച്ചിരിക്കുന്നു. എനിക്ക് ഒരു വസ്തുതമാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം യാതൊരു തരത്തിലും അക്രമത്തിൽ വിശ്വസിക്കുന്ന ഒരു പ്രസ്ഥാനമല്ല. അതേ അവസരത്തിൽ ഞങ്ങളുടെ പാർട്ടിയുടെ നേതാവ് ശ്രീ. ചന്ദ്രശേഖരനെ ഈ പതിനേഴാം തീയതിയും ശ്രീ.പി.ആർ. കുറുപ്പിനെ തലശ്ശേരി റയിൽവേസ്റ്റേഷനിൽവച്ചും അതുപോലെ എതാനും പ്രവർത്തകരേയും എതിർക്കുകയും നീലേശ്വരത്ത് ഒരു തയ്യൽക്കടക്കാരനെ കുത്തിക്കൊന്നും ഇങ്ങനെ സമാധാനപരമായി ജനാധിപത്യ മാർഗ്ഗത്തിലൂടെ പ്രവർത്തിക്കുവാനാഗ്രഹിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരെ ഇങ്ങനെ കൊല ചെയ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഈ സഭയിലെ ആളുകളും ഗവൺമെൻറും അനുവദിച്ചുകൊടുക്കരുതെന്നു വളരെ വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു. ഞങ്ങൾക്ക് സംരക്ഷണവും പ്രവർത്തന സ്വാതന്ത്ര്യവും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പാത്രം കാപ്പികുടിക്കാൻ അത്യാവശ്യമായതുകൊണ്ടു ഞാനും വാക്കൗട്ട് നടത്തുന്നു.

ശ്രീ. കെ. കെ. അബു: സർ, ബ്രണ്ണൻ കോളേജിനെ സംബന്ധിച്ച്....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതു റൂം 61 അനുസരിച്ച് കഴിഞ്ഞ ദിവസം ഇവിടെ സംസാരിക്കാൻ അനുവാദം കൊടുത്തിട്ടുള്ളതാണ്.

ശ്രീ. കെ. കെ. അബു: അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും പറഞ്ഞാൽ തരക്കേടില്ല.

ആഭ്യന്തരവും വിദ്യാഭ്യാസവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഇന്നലെ കോളേജിന്റെ കൗൺസിൽയോഗം ചേർന്ന് ഈ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നാണ് എനിക്കു കിട്ടിയ വിവരം. മിക്കവാറും ഇന്നു കോളേജ് തുറക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. എം. രാമുണ്ണി: റൂം 61 അനുസരിച്ച്..... ....

മി. സ്പീക്കർ: അതെല്ലാം കഴിഞ്ഞു. അടുത്തദിവസമാകട്ടെ.

ശ്രീ. പി. പി. ജോർജ്: ഡിപ്പാർട്ട്മെന്റ് ഗ്രാഡേഡ് അധ്യാപകരെ സംബന്ധിച്ച് ഒരു അഡ്ജേൺമെന്റ് മോഷൻ കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അടുത്തദിവസമാകട്ടെ.

PAPERS LAID ON THE TABLE

Minister for Revenue (**Shri K. T. Jacob**): Sir, I lay on the Table a copy of the Notification G. O. (P) No. 575/69/RD dated November 21, 1969 (S. R. O. No. 477/69) issued by the Government under Section 7 of the Kerala Land Assignment Act 1960 (30 of 1960) containing amendments to the Kerala Land Assignment Rules, 1964.

LEGISLATIVE BUSINESS

The Kerala Municipal Corporations (Second Amendment) Bill, 1969.

Minister for Local Administration (**Shri K. Avukkaderkutty Naha**): Sir, I introduce the Kerala Municipal Corporations (Second Amendment) Bill, 1969.

Mr. Speaker: The Bill stands introduced.

Shri K. Avukkaderkutty Naha: Sir, I also lay on the Table a a statement under Rule, 73(1), explaining the circumstances which had necessitated immediate legislation by Ordinance.

I move that the Bill be taken in to consideration.

Shri C. H. Mohammed Koya: I second it.

[Dy. Speaker in the Chair]

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സർ, തിരുവനന്തപുരം കോർപ്പറേഷന്റെ കാലാവധി 1–11–1969 ഉച്ചയോടുകൂടി അവസാനിക്കുകയുണ്ടായി. ഈ കോർപ്പറേഷൻ 42 വാർഡുകളും ഉൾക്കൊള്ളുന്ന ഒരു കോർപ്പറേഷനാണ്. ഈ വാർഡുകളുടെ വിഭജനം പല നിലയിലും ഐകരൂപ്യം ഇല്ലാത്തതുകൊണ്ട് ഈ അസംതുലിതാവസ്ഥ അവസാനിപ്പിക്കണമെന്നു കോർപ്പറേഷൻ വളരെക്കാലമായി ആവശ്യപ്പെട്ടുവരികയാണ്. അതുപോലെതന്നെ ഏകാംഗ നിയോജക മണ്ഡലങ്ങളിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും റിസർവേഷൻ ഇല്ലാത്തതുകൊണ്ട് കോർപ്പറേഷൻ ആക്ടിൽ അതിനു വ്യവസ്ഥ ചെയ്യണമെന്നും കോർപ്പറേഷൻ പല കൊല്ലങ്ങളായി ആവശ്യപ്പെട്ടു വരികയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly